LIBRARY ARCHIVES Kerala Legislative Assembly

തവനൂർ മണ്ഡലത്തിലേയ്ക്ക് കുടിവെള്ള പദ്ധതി

153 (3587) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും തവനൂർ മണ്ഡലത്തിലേക്കുള്ള കുടിവെള്ള പദ്ധതികൾക്കുവേണ്ടി ഉക അനുവദിച്ചിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര ഉക വീതമായിരുന്നു അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവർത്തികളാണ് പൂർത്തിയായതെന്നും ഇനി ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കാനുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാനുള്ള പദ്ധതികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി-ഡി) 2013-14 സാമ്പത്തിക വർഷത്തിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് എട്ട് പ്രവൃത്തികൾക്കായി 82.58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ വരൾച്ചാ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി അനുവദിച്ച 57 കോടി രൂപയിൽ നിന്നും ഒമ്പത് പ്രവൃത്തികൾക്കായി 106 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ ജലവിഭവവകുപ്പിന് കാലടി പഞ്ചായത്തിലെ മഞ്ഞിളിയം കുന്നിൽ ഹാൻഡ് പമ്പ് പദ്ധതിക്കായി 76,802 രൂപ അനുവദിച്ചു.

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ

154 (3588) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര ഉക നീക്കിവെച്ചെന്നും ഓരോ പ്രവൃത്തികളും ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ ?